# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3134

23.03.2015 - ൽ
മറുപടിക്ക്

### ഫാമുകളുടെ ശാക്തീകരണം

ചോദ്യം
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ;

എ) കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെപറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു
2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. ഫാമുകളിൽ നിലവിലുള്ള ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.
4. കൃഷി ഫാമുകളിൽ 11 ഡെയറി യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.
5. ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും, സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സര ബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമവും ഉൽപ്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. ജില്ലാ ഫാം ഉപദേശക സമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുനസംഘടിപ്പിച്ചിട്ടുണ്ട്.
7. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.
8. നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കുറിയ ഇനം തെങ്ങിൻതൈകൾ, ടിഷ്യുകൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നത് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ;

ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ, ക്വാർട്ടേഴ്സ്, കാറ്റിൽ ഷെഡ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. ക്യാപ്പിറ്റൽ ഔട്ട് ലെ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽ ഈ വർഷം തുക അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ശാക്തികരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കാവാൻ സമ്മാന പദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഫാമുകളുടെ ശാക്തീകരണത്തിലും ആധുനിക വൽക്കരണത്തിലും, സൗന്ദര്യ വൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമതയും ഉൽപ്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും, രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും, മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**